# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത്

# 2015-16 വർഷ ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എംപിഎം.11/3206/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം.

ഇ-മെയിൽ -dompm.ksad@kerala.gov.in

ഫോൺ-04832734951

തീയതി. 19.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2.3,2.4 എന്നീ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3.3,3.4 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1).ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2).പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3).കാര്യാലയ പകർപ്പ്

നം കെ എസ് എ.എംപിഎം.11/3206/2016

തിയ്യതി: 19.11.2016

## മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 30.09.2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 05.09.2016-ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 21.07.2016 മുതൽ 13.10.2016തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ യിൽ പ്രസക്തമായ അപാകതകെളാന്നും റിപ്പൊർട്ട് ചെയ്തിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും മെയ് മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരേശാധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതി ബുക്കുകളുടെ എണ്ണം | ഉപയോഗിച്ച ആകെ രശീതി ബുക്കുകളുടെ എണ്ണം. |
|---|---|
| 03 | 01 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പ് കളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശൊധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.
സ്ഥാപനം: കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത്.

വിസ്തീർണ്ണം: 40 ച.കീമി

ജനസംഖ്യ: 38998/-

വാർഡുകളുടെ എണ്ണം :19

ആകെ ജീവനക്കാരുടെ എണ്ണം : 12

സ്ഥിരം : 12

താൽക്കാലികം : -

കരാറടിസ്ഥാനത്തിൽ : 03

ദിവസ വേതനടിസ്ഥാനത്തിൽ : 01

ആകെ : 16

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ -ശ്രീ.എ,എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.സതീഷ് മാവേലി പുത്തൻവീട് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| 2 | ശ്രീ.സക്കീർ ഹുസൈൻ.പി | അസി.ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| 3 | ശ്രീ.അമീൻ ഫൈസൽ.ടി.ടി | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | |
|---|---|
| ശ്രീമതി. കെ.ടി.ഖദീജ | 01.04.2015മുതൽ 31.10.2015വരെ |
| അഡ്മിനസ്ട്രേറ്റീവ് കമ്മറ്റി | 01.11.2015മുതൽ 11.11.2015 വരെ |
| ശ്രീമതി.പ്രസീത.എം | 12.11.2015മുതൽ 31.03.2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. തോമസ് ജോസഫ് (ഇൻ- ചാർജ്) | 01.04.2015മുതൽ 31.03.2016 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ. തോമസ് ജോസഫ് | 01.04.15 -- 31.03.16 |
| അസി.എൻജിനീയർ | ദീപ്തി.എൻ | 01.04.15 -- 24.05.15 |
| | അനിൽ കുമാർ.എൻ | 25.05.15 -- 31.03.16 |
| കൃഷി ഓഫീസർ | അനൂപ് കുമാർ.വി.എൻ | 01.04.15 -- 31.03.16 |
| വെറ്ററനറി സർജൻ | ഡോ.അജയകുമാർ | 01.04.15 -- 31.03.16 |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.സിന്ദു | 01.04.15 -- 31.03.16 |
| ഹെഡ് മാസ്റ്റർ | നീലകണ്ഠൻ | 01.04.15 -- 31.03.16 |
| വി.ഇ.ഒ | അബ്ദുൽ സമദ്.എം | 01.04.15 -- 31.03.16 |
| ഐ.സി.ഡി.എസ് | രാധാമണി.എൻ.പി | 01.04.15 -- 31.03.16 |

## ഉള്ളടക്കം

### ഭാഗം 1

### ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.



| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |

| | | | |
|---|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |
| 11 | അനുബന്ധ പത്രികകൾ | 1(11) | |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | വസ്തു നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ എന്നിവയിൽ പഞ്ചായത്തു ഫണ്ടിന് നഷ്ടം. | 2(1) | |
| 2 | കാന്റീൻ കെട്ടിടം വാടക- പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നില്ല. | 2(2) | |
| 3 | നികുതികളും ഫീസുകളും ഈടാക്കുന്നതിൽ വീഴ്ച | 2(3) | |
| 4 | സാംഖ്യാ രസീതികളുടെ സ്റ്റോക്ക് രജിസ്റ്റർ പൂർണമല്ല. | 2(4) | |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | പോഷകഹാര പദ്ധതി അപാകത | 3(1) | |
| 2 | സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജകട് നടപ്പാക്കിയത് | 3(2) | |
| 3 | പാറശ്ശേരി കുടിവെള്ള പദ്ധതി-വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല. | 3(3) | |
| 4 | പൂച്ചക്കാട് കോളനി കുടിവെള്ള പദ്ധതി-പ്രവർത്തി പൂർത്തിയാക്കാതെ മോട്ടോർ വാങ്ങി | 3(4) | |
| 5 | മുൻകൂറായി പണമടച്ചിട്ടും മരുന്നുകൾ മുഴുവനായും ലഭ്യമാക്കിയില്ല. | 3(5) | |
| 6 | വെള്ളക്കരം – അപാകതകൾ | 3(6) | |

| | | | |
|---|---|---|---|
| 7 | കുട്ട് മുച്ചിക്കൽ കോളനി കുടിവെള്ള പദ്ധതി-പ്രവർത്തി പൂർത്തിയായില്ല | 3(7) | |
| 8 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിക്കാത്തത് | 3(8) | |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) | |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | (പുതുക്കിയത്) |
|---|---|
| 01/ 21.03.2015 | --- |

1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 21.08.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

2015-16-ലെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ഗുണഭോക്ത വിഹിതം ബാധ്യതയിൽ നിന്നും (B4) കുറവു ചെയ്തിട്ടില്ല.
2. പോഷകാഹാരം, TSC, WDGP എന്നീ പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ (Specific Purposes) പ്രത്യേകം അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല.
3. പിരിഞ്ഞുകിട്ടാനുള്ളതിൽ സംശയാസ്പദമായ തുകകൾക്ക് (Sundry Debtors- receivables) പ്രൊവിഷൻ നൽകിയിട്ടില്ല.
4. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. വസ്തുനികുതി ഡിമാന്റ്/അരിയർ ഡിമാന്റ് റജിസ്റ്റർ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6. വാടക , കെട്ടിട നിർമാണ പെർമിറ്റ്, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ്, E M D എന്നിവയുടെ രജിസ്റ്റർ പ്രകാരമുള്ള വരവ് AFS -മായി പൊരുത്തപ്പെടുന്നില്ല.
7. ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുൻബാക്കി | 30406745 |
| വരവ് | 40746553 |
| ആകെ | 71153298 |
| ചെലവ് | 55296824 |
| നീക്കിബാക്കി | 15856474 |

## 1-5 ഫണ്ട് വിനിയോഗം

(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3470230 | 10743344 | 14213574 | 12645357 | 6039235 (+) | 1568217 (lapsed) |
| വികസന ഫണ്ട്(എസ്.സി.പി) | 1954080 | 6115000 | 8069080 | 6467231 | 0 | 1601849 (lapsed) |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 872452 | 3665000 | 4537452 | 4229762 | 0 | 307690 (lapsed) |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1076759 | 3455000 | 4531759 | 3996234 | 0 | 535525 (lapsed) |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2668766 | 4422375 | 7091141 | 7072743 | 2841828 (-) | 18398 (lapsed) |
| ലോക ബാങ്ക് സഹായം | 4156713 | 0 | 4156713 | 3593463 | 3197407 (-) | 563250 (lapsed) |

### 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 225 | 195 | 15 | 15 | 87 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 2888000 | 2888000 | 100 |
| വെറ്ററിനറി സർജൻ | 8 | 6 | 2231925 | 1941280 | 87 |
| മെഡിക്കൽ ഓഫീസർ (PHC) | 6 | 5 | 1541200 | 1517691 | 98 |
| വി.ഇ.ഒ | 7 | 7 | 7093705 | 5412900 | 76 |
| ഐ.സി.ഡി.എസ് ഓഫീസർ | 4 | 4 | 2586400 | 2579200 | 100 |
| സെക്രട്ടറി | 18 | 11 | 8731093 | 3866910 | 44 |

| | | | | | |
|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ | 5 | 5 | 2248800 | 2241527 | 100 |
| അസി.എൻജിനീയർ | 170 | 165 | 32352132 | 27181626 | 84 |
| അസി. സെക്രട്ടറി | 2 | 2 | 1561580 | 1518500 | 97 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3281710 | 3279318 | 2392 | (-) 1 |
| നികുതിയേതര വരവുകൾ | 825281 | 1015537 | 190256 | (+) 23 |
| മറ്റ് വരവുകൾ (GPG) | 9105568 | 9638727 | 533159 | (+) 6 |
| ആകെ | 13212559 | 13933582 | 721023 | (+) 6 |

തനതു വരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം 2-ആയി ഉൾ പ്പെടുത്തിയിട്ടുണ്ട്

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 14 | 13 | 01 | - |
| 2 | തൊഴിൽ രഹിത വേതനം | 09 | 3 | 6 | - |
| 3 | വിധവാ പെൻഷൻ | 82 | 75 | 7 | - |
| 4 | വികലാംഗ പെൻഷൻ | 22 | 20 | 2 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3 | 3 | - | - |

| | | | | | |
|---|---|---|---|---|---|
| 6 | വാർദ്ധക്യകാല പെൻഷൻ | 167 | 157 | 10 | - |

### 1-9ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8206രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 12.08.2016 | 01.06.2016-31.07.2016 | 22.09.2016 | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 13.12.2007 | 1997-98 – 2006-07 | 25.08.2008 | ഇല്ല |

1-11 അനുബന്ധ പത്രികകൾ

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

## ഭാഗം-2

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 വസ്തു നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ എന്നിവയിൽ പഞ്ചായത്തു ഫണ്ടിന് നഷ്ടം.

വസ്തു നികുതി, ബിൽഡിംഗ് പെർമിറ്റ് എന്നിവയുടെ പരിശോധനയുടെ ഭാഗമായി പഞ്ചായത്ത് പരിധിയിലുള്ള അൽശിഫ ഫാർമസി കോളേജ് ക്യാമ്പസ്, പഞ്ചായത്ത് അസി.സെക്രട്ടറി, ഓവർസിയർ എന്നിവരുടെ സാനിധ്യത്തിൽ 18.10.2016 ന് ഓഡിറ്റ് ടീം സന്ദർശിച്ചു. പരിശോധനയിൽ കണ്ടെത്തിയ/ ബോധ്യപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

I.വസ്തു നികുതി കുറവായി നിർണയിച്ചു.

കോളേജ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന ഗേൾസ് ഹോസ്റ്റൽ (കെട്ടിട നമ്പർ IV/481), ബോയിസ് ഹോസ്റ്റൽ- പഴയ ബ്ലോക്ക് ( കെട്ടിട നമ്പർ IV/476) എന്നിവക്ക് യഥാർത്ഥത്തിലുള്ള വിസ്തീർണത്തിന് വസ്തു നികുതി ചുമത്തിയിട്ടില്ലെന്ന് സ്ഥാപനത്തിലെ രേഖകൾ പരിശോധിച്ചതിലും, പരിശോധന സമയത്ത് പഞ്ചായത്ത് ഓവർസിയർ നടത്തിയ അളവുകളിലും ബോധ്യപ്പെട്ടു. വിശദ വിവരം താഴെ ചേർക്കുന്നു.

എ). ഗേൾസ് ഹോസ്റ്റൽ (കെട്ടിട നമ്പർ IV/481).

| | |
|---|---|
| വിസ്തീർണം | : 4326 M2 |
| വസ്തു നികുതി ചുമത്തിയത് | : 18355 (3671*5) |

| | |
|---|---|
| വസ്തു നികുതി ചുമത്തേണ്ടത് | : 21630 (4326*5) |
| കുറവ് | : 3275/- |
| ആകെ കുറവ്<br><br>(2013-14 മുതൽ 2015-16 വരെ) | : 9825/- |

ബി). <u>ബോയിസ് ഹോസ്റ്റൽ- പഴയ ബ്ലോക്ക് ( കെട്ടിട നമ്പർ IV/476).</u>

| | |
|---|---|
| വിസ്തീർണം | : 1092 M2 |
| വസ്തു നികുതി ചുമത്തിയത് | : 328 (52*7 (-10%) |
| വസ്തു നികുതി ചുമത്തേണ്ടത് | : 4914 [1092*5 (-10%)] |
| കുറവ് | : 4586/- |
| ആകെ കുറവ്<br><br>(2013-14 മുതൽ 2015-16 വരെ) | : 13758/- |

II.അനധികൃത നിർമ്മാണങ്ങൾ.

കോളേജ് ക്യാമ്പസിൽ പഞ്ചായത്തിൽ നിന്നും പെർമിറ്റ് ലഭ്യമാക്കാതെ നിർമ്മാണങ്ങൾ പൂർത്തിയാക്കി ഉപയോഗിക്കുന്നതായും, പരിശോധന സമയത്തും പുതിയ നിർമാണ പ്രവൃത്തികൾ തുടർന്നുവരുന്നതായും പരിശോധനയിൽ കണ്ടെത്തി.

1. പഞ്ചായത്തിൽ നിന്നും പെർമിറ്റ് ലഭ്യമാക്കാതെ ഗേൾസ് ഹോസ്റ്റലിനോട് ( കെട്ടിട നമ്പർ IV/481) കൂട്ടി ഏകദേശം 1500 ച.മി വിസ്തീർണ്ണത്തിൽ കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ട്.
2. കോളേജ് ക്യാമ്പസിൽ പഞ്ചായത്തിൽ നിന്നും പെർമിറ്റ് ലഭ്യമാക്കാതെ പരിശോധന സമയത്തും നിർമാണ പ്രവൃത്തികൾ തുടർന്നുവരുന്നു.

<u>ഓഡിറ്റ് പരാമർശം.</u>

1. ഉപ ഖണ്ഡിക I (എ), (ബി) എന്നിവ പ്രകാരമുള്ള 2015-16 വരെയുള്ള നഷ്ടം ഈടാക്കേണ്ടതും, 2016-17 മുതൽ ഡിമാന്റ് ക്രമീകരിക്കേണ്ടതുമാണ്.
2. ഉപ ഖണ്ഡിക II ക്രമ 1 -ൽ പരാമർശിച്ചിട്ടുള്ള കെട്ടിടം നിയമാനുസൃതം ക്രമവൽക്കരിക്കുന്നത് വരെ അനധികൃത നിർമ്മാണമായി കണക്കാക്കേണ്ടതും, കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 235 എ.എ, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതു/ ഉപയോഗം തുടങ്ങിയതു മുതൽ നിയമാനുസൃതം നിർമ്മിച്ചതായിരുന്നങ്കിൽ ചുമത്തേണ്ടിയിരുന്ന വസ്തു നികുതിയുടെ 3 ഇരട്ടി നികുതി ചുമത്തേണ്ടതാണ്.

*[ഓഡിറ്റ് എൻക്വയറിക്ക് (03/19.10.2016) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചു]*

## 2-2 <u>കാന്റീൻ കെട്ടിടം വാടക- പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നില്ല.</u>

പഞ്ചായത്ത് ഭരണ സമതിയുടെ 17.09.2014 ലെ VII (9) നമ്പർ തീരുമാന പ്രകാരം ജ്വാല കുടുംബശ്രീ യൂണിറ്റിന് കാന്റീൻ നടത്തുന്നതിന് പഞ്ചായത്ത് കോമ്പൗണ്ടിലെ ഷെഡ് വാടകക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ യൂണിറ്റും CDS മായി ഉണ്ടാക്കിയ വാടക കരാർ പ്രകാരം പ്രതിദിനം 30/- രൂപ നിരക്കിൽ 2014 ഒക്ടോബർ മുതൽ കാന്റീൻ പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

വാടക കുടുമ്പശ്രീ യൂണിറ്റ്, CDS-ലാണ് അടവാക്കുന്നത്. ആയത് CDS- ന്റെ തനത് ഫണ്ടിലാണ് (AC No. KBG 40197100106096) നിക്ഷേപിക്കുന്നത്. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കാന്റീൻ കെട്ടിടം വാടകക്ക്

നൽകുന്നതിലൂടെ ലഭിക്കുന്ന വരുമാനം CDS- ന്റെ തനത് ഫണ്ടിൽ അടവാക്കുന്നത് ശരിയല്ല.

നാളിതുവരെ വാടക ഇനത്തിൽ CDS- ന്റെ അക്കൗണ്ടിൽ അടവാക്കിയ മുഴുവൻ തുകയും (12600/- രൂപ) പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് വരവ് വരുത്തേണ്ടതും, തുടർന്നുള്ള വാടക പഞ്ചായത്ത് രസീതി ഉപയോഗിച്ച് പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 നികുതികളും ഫീസുകളും ഈടാക്കുന്നതിൽ വീഴ്ച

പഞ്ചായത്തിന്റെ പ്രധാന തനതു വരുമാനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ എന്നിവ ചുമത്തുന്നതിലും പിരിച്ചെടുക്കുന്നതിലും സാരമായ വീഴ്ച്ചയുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | അപാകതകൾ/ പരാമർശം |
|---|---|
| വസ്തു നികുതി | 1. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ, നിലവിലുള്ള കെട്ടിടങ്ങളോട് കൂടി കൂട്ടിചേർക്കുന്നതിന് (Extension) പെർമിറ്റ് നൽകിയ ഭൂരിഭാഗം കേസുകളിലും പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടും പെർമിറ്റ് പുതുക്കുകയോ, കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർ നിർണ്ണയിക്കുകയോ ചെയ്യാത്തത് മൂലം നികുതി വരുനാനത്തിൽ ചോർച്ചയുണ്ടാവുന്നു.<br>2. താമസാവശ്യത്തിന് നികുതി നിർണ്ണയിച്ചിട്ടുള്ള പല കെട്ടിടങ്ങളും പഞ്ചായത്തിന്റെ അനുമതികൂടാതെ ഒക്യുപൻസി മാറ്റി ഉപയോഗിക്കുന്നതായി കാണുന്നു. ഉപയോഗ്യത്തിന് അനുസൃതമായി നികുതി ചുമത്താത്തത് മൂലം നികുതി വരുമാനത്തിൽ കുറവുണ്ടാകുന്നു.<br>3. ബന്ധപ്പെട്ട വാർഡിന്റെ ചുമതലയുള്ള ക്ലാർക്/ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർ കൃത്യമായ ഇടവേളകളിൽ ഫീൽഡ് പരിശോധന നടത്തി സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതും സെക്രട്ടറി ആയതിന്മേൽ നടപടി സ്വീകരിക്കേണ്ടതുമാണ്. |
| തൊഴിൽ നികുതി | 1. വസ്തു നികുതി രജിസ്റ്റർ പ്രകാരം വാണിജ്യ/ വ്യവസായം/ വിദ്യാഭ്യാസം ആവശ്യങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുള്ള മുഴുവൻ അസസ്സ്മെന്റുകളിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>2. തൻവർഷം ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>3. തൊഴിൽ നികുതി റിട്ടേൺ പ്രകാരമുള്ള അർദ്ധ വാർഷിക വരുമാനം സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുമായി ഒത്തുനോക്കേണ്ടതാണ് (അർദ്ധ വാർഷിക വരുമാനം വളരെ കുറവായി കാണിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ). |

| | |
|---|---|
| | |
| ഡി & ഒ ലൈസൻസ് ഫീ | 1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും, ആയത് കാലികമാക്കേണ്ടതുമാണ്.<br>2. വസ്തു നികുതി രജിസ്റ്റർ പ്രകാരം വാണിജ്യ ആവശ്യങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. |
| പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പക്കുന്നതിന്/ ചോർച്ച തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. | |

## 2-4 സാംഖ്യാ രസീതികളുടെ സ്റ്റോക്ക് രജിസ്റ്റർ പൂർണമല്ല.

പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളതും ഉപയോഗിക്കുന്നതുമായ സാംഖ്യാ രസീതികളുടെ സ്റ്റോക്ക് സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത് പൂർണമല്ല. സൂചിക, സാംഖ്യാ എന്നിവയുടെ സ്റ്റോക്കും ഉപയോഗവും സംബന്ധിച്ച് പ്രത്യേകം കണക്കുകൾ സൂക്ഷിക്കേണ്ടതും, രസീതികൾ ഇഷ്യൂ ചെയ്യുന്നതിന് അനുസൃതമായി ബാലൻസ് കോളത്തിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പോഷകാഹാര പദ്ധതി അപാകത

അംഗനവാടികളിൽക്കൂടിയുള്ള പോഷകാഹാര പദ്ധതിക്കായി(പ്രൊജക്ട് 3/16,5/16) നിർവഹണ ഉദ്യോഗസ്ഥൻ ഭക്ഷണ സാധനങ്ങൾ വാങ്ങിയിരിക്കുന്നത് പെരിന്തൽമണ്ണ കോ-ഓപ്പ് മാർക്കറ്റിംഗ് സൊസൈറ്റിയിൽ നിന്നാണ്.27-6-15 ലെ 1(4)തീരുമാന പ്രകാരം പഞ്ചായത്ത് കമ്മറ്റി മേൽ സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിന് നിർവഹണ ഉദ്യോഗസ്ഥനായ ഐ. സി. ഡി. എസ് സൂപ്പർവൈസറെ ചുമതലപെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

ഭക്ഷ്യവസ്തുക്കൾ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിലും നിരക്ക് മാവേലി സ്റ്റോറിലെ നിരക്കിനേക്കാൾ അധികരിക്കാൻ പാടില്ല എന്ന് നം.62393/db/2010 ത.സ്വ.ഭ.വ 13-11-10, നം.54814/db/2010 ത.സ്വ.ഭ.വ 4-5-11 എന്നീ സർക്കുലറുകൾ പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈ ഇനങ്ങളിലെ ചെലവ് അനുവദിക്കുമ്പോൾ വില താരതമ്യം ചെയ്യുകയോ വിവരം പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയോ അധിക ചെലവ് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തു കാണുന്നില്ല. ഓഡിറ്റ് വർഷം സഹകരണ സ്ഥാപനത്തിന് ഈ ഉദ്ദേശത്തിനായി അനുവദിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ബിൽ വിവരം | തുക |
|---|---|
| 3/16-10-15 | 578347 |

| | |
|---|---|
| 6/27-10-15 | 588102 |
| 8/20-6-15 | 200000 |
| ആകെ | 1366449 |

അപാകതക്ക് വ്യക്തമായ മറുപടി ഹാജരാക്കാത്തതിനാൽ 1366449 രൂപയുടെ ചെലവ് തടസം ചെയ്യുന്നു.

## 3-2 സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജകട് നടപ്പാക്കി.

മെഡിക്കൽ ഓഫിസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന ചെലവുകൾ സ.ഉ.(എം.എസ്സ്) നമ്പർ 362/2013/ ത.സ്വ.ഭ.വ. തിരുവനന്തപുരം തിയ്യതി 16-11-2013 പ്രകാരമുള്ള സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കണക്കാക്കുന്നു.

| പ്രൊജക്ട് | ബിൽ നമ്പർ ചെലവഴിച്ച തുക | ഓഡിറ്റ് റിമാർക്സ് |
|---|---|---|
| 01-സമഗ്ര ആരോഗ്യ പദ്ധതി | 3/18-12-15-10980 | ഒരു രോഗിക്ക് പാലിനായി1098 രൂപ നിരക്കിൽ 10 രോഗികൾക്കായി 10980 രൂപ ചെലവഴിച്ചിട്ടുണ്ട് .<br>മേൽ ഉത്തരവ് അനുബന്ധം-1 ക്രമ നമ്പർ 10 ഭക്ഷണ വിതരണ പദ്ധതിഎന്ന മേഖലയിൽ 1 മുതൽ 7 വരെ പരാമർശിത വിഷയങ്ങളിൽ ഇത്തരം ഒരു പരിപാടി നടപ്പാക്കാൻ അനുമതിയില്ല |
| 01-സമഗ്ര ആരോഗ്യ പദ്ധതി | 12/29-3-16 41195 | ഹൃദ്രോഗ നിർണ്ണയ ക്യാമ്പിനായി ചെലവഴിച്ച തുക.<br>മേൽ ഉത്തരവ് അനുബന്ധം-1 ക്രമ നമ്പർ 7 ആരോഗ്യം, രോഗ പ്രതിരോധം, ശുചിത്വം എന്ന മേഖലയിൽ 1 മുതൽ 6വരെ പരാമർശിത വിഷയങ്ങളിൽ ഇത്തരം ഒരു പരിപാടി നടപ്പാക്കാൻ അനുമതിയില്ല |

| | | | |
|---|---|---|---|
| | | | |

സർക്കാർ പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിൽ ഇല്ലാത്ത മേൽ പദ്ധതികൾ നടപ്പാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ഗവൺമെന്റിൽനിന്ന് പ്രത്യകം അനുമതിയും വാങ്ങിയതായി കാണുന്നില്ല.അപാകതക്ക് വ്യക്തമായ മറുപടി ഹാജരാക്കാത്തതിനാൽ ആകെ ചെലവ് 52175 രൂപ തടസം ചെയ്യുന്നു.

## 3-3 <u>പാറശ്ശേരി കുടിവെള്ള പദ്ധതി-വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല.</u>

ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് രണ്ട് ലക്ഷം വകയിരുത്തി ചെലവാക്കിയ 158/16പ്രോജക്ട് ഗുണഭോക്തൃ സമിതിയാണ് നിർവ്വഹിച്ചത്. പ്രവർത്തിയുടെ കൺവിനർ ശ്രീ.ഉമർ ഫാറൂഖ് എന്ന വ്യക്തിയാണ് 216/15 നമ്പർ ആയി മുൻവർഷം പ്രോജക്ട് തയ്യാറാക്കി എങ്കിലും പ്രവർത്തി നിർവഹിക്കാനായില്ല. ആയതിനാൽ ഈ വർഷം സ്പിൽ ഓവറായിട്ടാണ് ഈ പ്രോജക്ട് ഉൾപ്പെടുന്നത്.നിലവിലുള്ള കിണറിന്റെ പഴക്കം പരിഗണിച്ച് റിങ്ങുകൾ എടുത്ത് മാറ്റി കിണർ വീതിയും ആഴവും കൂട്ടി പുതിയ റിങ്ങുകൾ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട്.അളവ് പുസ്തകം 229/14-15 പ്രകാരം 6.7 മീറ്റർ ആഴത്തിൽ കിണർ കുഴിക്കുകയും ഇത്രയും ആഴത്തിൽ റിങ്ങുകൾ നിർമിക്കുകയും ചെയ്യുന്നുണ്ട്.

എന്നാൽ ഇതേ പ്രവർത്തി 2009-10,2010-11 ഓഡിറ്റ് കാലയളവിൽ നിർവഹിച്ചതാണ് എന്ന് വ്യക്തമാവുന്നു.08.05.13-21.05.2013 ഓഡിറ്റ് കാലയളവിൽ ഈ പ്രവർത്തി സ്ഥലം ഓഡിറ്റ് അംഗങ്ങൾ വാർഡ് മെമ്പറുടെ സാനിദ്ധ്യത്തിൽ സന്ദർശിക്കുകയും നിർമാണ പുരോഗതി വിലയിരുത്തുകയും ചെയ്തതാണ്.അന്ന് ഈ പ്രവർത്തിയുടെ ഭാഗമായി നിലവിലെ റിങ്ങുകൾ എടുത്ത് മാറ്റിയതായും ജെ.സി.ബി ഉപയോഗിച്ച് കിണർ ആഴവും വീതിയും കൂട്ടുന്നതും പരിശോധിച്ചിരുന്നു.

എന്നാൽ 2009-10,2010-11 പ്രോജക്ട് രജിസ്റ്ററിൽ പാറശ്ശേരി കുടിവെള്ള പദ്ധതി എന്ന പേരിൽ ഒരു പ്രവർത്തി നടന്നതായി കാണുന്നില്ല.മറ്റൊരു പേരിൽ ഈ പ്രവർത്തി നടന്നതായി വ്യക്തമാവുന്നു..എസ്റ്റിമേറ്റ് റിപ്പോർട്ടിലോ, വർക്ക് ഫയലിലോ മുൻവർഷം നടത്തിയ പ്രവർത്തിയുടെ വിവരം പരാമർശിച്ചിട്ടില്ല എന്നും കാണുന്നു.വ്യക്തമായ വിവരങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിക്കാതെ , പ്രോജക്ട് തയ്യാറാക്കിയ നടപടി ക്രമപ്രകാരമല്ല.

മുൻ ഫയൽ ലഭ്യമാക്കേണ്ടതാണ് എന്ന് നിർദേശിച്ച് ഓഡിറ്റ് എൻക്വയറി (നം.13/24.10.2016) നൽകിയെങ്കിലും ഫയൽ ലഭ്യമാക്കിയില്ല.ചെലവ് തുക 2,00,000 രൂപ (ട്രഷറി ബിൽ നം.26/24.9.2015) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-4 <u>പൂച്ചക്കാട് കോളനി കുടിവെള്ള പദ്ധതി-പ്രവർത്തി പൂർത്തിയാക്കാതെ മോട്ടോർ വാങ്ങി</u>

എസ്.സി.പി ഫണ്ട് 8.86 ലക്ഷം വകയിരുത്തിയ 145/16പ്രോജക്ട് കൺവീനർ വർക്കായിട്ടാണ് നിർവഹിക്കുന്നത്.മുൻ വർഷം 162/15 പ്രോജക്ട് തയ്യാറാക്കി അംഗികാരം വാങ്ങിയെങ്കിലും പ്രവർത്തി നിർവഹിക്കാനായില്ല.ആയതിനാൽ സ്പിൽ ഓവറായിട്ടാണ് തൽവർഷം ഉൾപെടുത്തിയത്.പ്രവർത്തിയുടെ പാർട്ട് ബിൽ 289447 രൂപ വൗച്ചർ 132/2015-16 പ്രകാരം കൺവീനർക്ക നൽകുകയും ചെയ്തിട്ടുണ്ട്.

കിണർ നിർമാണം ,റീങ്ങ് നിർമാണം,പമ്പിങ്ങ് മെയിൻ സ്ഥാപിക്കൽ, വിതരണ ലൈൻ സ്ഥാപിക്കൽ, സ്റ്റീൽ ഫാബ്രിക്കേറ്റഡ് ടാങ്ക് ബേസ്,5000 ലിറ്റർ വാട്ടർ ടാങ്ക്,സ്റ്റീൽ ഫാബ്രിക്കേറ്റഡ് പമ്പ് ഹൗസ്,അഞ്ച് എച്ച്.പി സബ്മേഴ്സിബിൾ മോട്ടോർ,വൈദ്യുതീകരണം എന്നിവ ഉൾപ്പെടുന്നതാണ് പ്രോജക്ട്.

ഓഡിറ്റിന്റെ ഭാഗമായി പദ്ധതി പ്രദേശം പഞ്ചായത്ത് ഓവർസിയറുടെ സാനിദ്ധ്യത്തിൽ സന്ദർശിക്കുകയും പ്രവർത്തിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു.താഴെ രേഖപ്പെടുത്തിയ വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.കിണർ കുഴിക്കുന്നത് സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ്.ഈ സ്ഥലം പഞ്ചായത്തിന് വിട്ട് നൽകിയ യാതൊരു

രേഖയും ഫയലിൽ ഇല്ല.ഉടമസ്ഥന്റെ അനുമതിയോടെയാണോ കിണർ കുഴിച്ചത് എന്ന് വ്യക്തമല്ല.

2.അളവ് പുസ്തകം 501/15-16 പ്രകാരം ആറ് മീറ്റർ ആഴത്തിൽ കിണർ കുഴിച്ചതായി രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ജെ.സി.ബി ഉപയോഗിച്ച് കുഴിച്ച കിണറിന് അളവ് പുസ്തക പ്രകാരമുള്ള ആഴം ഇല്ല എന്ന്, ജെ.സി.ബി കിണർ കുഴിക്കാനായി പ്രയോജനപെടുത്തിയ ചാൽ ദർശിച്ചാൽ വ്യക്തമാവും.അളവുകൾ രേഖപ്പെടുത്തുന്നതിൽ ഗുരുതര വീഴ്ച്ച വന്നതായി ഇത് വ്യക്തമാക്കുന്നു.

3.കിണറിന്റെ നിർമാണം ഭാഗികമായി മാത്രമാണ് നിർവഹിച്ചിട്ടുള്ളത്.റിങ്ങ് വർക്ക് ചെയ്യാതെ ഈ കിണ്ർ ഉപയോഗപ്പെടുത്താൻ കഴിയില്ല എന്ന് വ്യക്തമാണ്.ഈ വസ്തുത നിലനിൽക്കേ അവശേഷിച്ച പ്രവർത്തികൾ നിർവഹിച്ചത് നിഷ്ഫലമായി എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.ഇത് അളവെടുക്കുകയും പാർട്ട് ബിൽ തുക അനുവദിക്കുകയും ചെയ്ത നടപടി അംഗീകരിക്കാനാവില്ല.

4.സ്റ്റീൽ ഫാബ്രിക്കേറ്റഡ് പമ്പ് ഹൗസ് വെൽഡ് ചെയ്ത് നിർമിച്ച് കിണറിന്റെ പരിസരത്ത് നിന്ന് നൂറ് മീറ്റർ മാറി ഒരു റബർ തോട്ടത്തിൽ കിടക്കുന്നതായി കാണുന്നു.ഇതിന്റെ കാലുകൾ ഇപ്പോൾ തന്നെ തുരുമ്പെടുക്കുന്നതായി കാണുന്നു.ഇപ്രകാരം അലക്ഷ്യമായി കിടക്കുന്ന പമ്പ് ഹൗസിന് "Fabricating and fixing in position “ എന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക അനുവദിച്ച നടപടി ക്രമപ്രകാരമല്ല.

5.പ്രോജക്ടിന്റെ ഇരുപത് ശതമാനം വർക്ക് പോലും പൂർത്തിയാവാതെയാണ് മോട്ടോർ വാങ്ങിയിട്ടുള്ളത് എന്ന് കാണുന്നു. ഇപ്രകാരം വാങ്ങിയ മോട്ടോർ ദൂരെയുള്ള ഒരു വീട്ടിന്റെ സൺഷൈഡിന് താഴെ സുരക്ഷിതമല്ലാത്ത സ്ഥലത്ത് തുരുമ്പെടുക്കുന്ന സാഹചര്യത്തിൽ മഴയും വെയിലും കൊണ്ട് ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ് ഉള്ളത്.ഇപ്രകാരം മുൻകൂറായി മോട്ടോർ വാങ്ങിയതും ആയതിന്റെ വാറന്റി നഷ്ടപെടാൻ ഇടയാക്കിയതും എഞ്ചിനീറിങ്ങ് വിഭാഗത്തിന്റെ ബാധ്യതയായി നിർണയിക്കുന്നു.

6.പ്രോജക്ടിന്റെ ഭാഗമായി സ്റ്റീൽ ഫാബ്രിക്കേറ്റഡ് ടാങ്ക് ബേസ് സ്ഥാപിച്ചിട്ടുണ്ട്. അളവ് പുസ്തക പ്രകാരം ഇതിനായി 598.8കിലോ ഇരുമ്പ് ഉപയോഗിച്ചതായും രേഖപ്പെടുത്തുന്നുണ്ട്.അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ തിരുത്തിയതായും കാണുന്നു.ഇത്രയധികം അളവിൽ മെറ്റീരിയൽ ഉപയോഗിക്കാതെയാണ് ടാങ്ക് ബേസ് സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാവുന്നു.മാത്രമല്ല, 5000 ലിറ്റർ വെള്ളം താങ്ങാനുള്ള ശേഷി ഇതിനില്ല എന്ന് പരിശോധനയിൽ വ്യക്തമാവുന്നു.മതിയായ തോതിൽ സപ്പോർട്ട് ബാറുകൾ സ്ഥാപിക്കാതെയാണ് ഇത് സ്ഥാപിച്ചിട്ടുള്ളത് എന്ന് കാണുന്നു.പ്രവർത്തി നിർവഹണ ഘട്ടത്തിൽ മേൽനോട്ടത്തിലെ പിഴവ് പ്രകടമാക്കുന്നതാണ് ഈ ടാങ്ക് ബേസ് എന്ന് പറയാതെ വയ്യ.

7.പ്രവർത്തിയുടെ പാർട്ട് ബിൽ , ബിൽ 56/31.03.2016 പ്രകാരം നൽകുന്നുണ്ട്.എന്നാൽ ഈ പ്രവർത്തി മുടങ്ങി കിടക്കുന്നതായിട്ടാണ് മനസ്സിലാവുന്നത്. പാർട്ട് ബില്ലിന് ശേഷം യാതൊരു പ്രവർത്തിയും നടന്നതായി കാണുന്നില്ല.മറ്റൊരു പ്രോജക്ട് തയ്യാറാക്കി അംഗികാരം വാങ്ങേണ്ടതില്ലായിരുന്നിട്ടും , തുടർ പ്രവർത്തികൾ നടക്കാതിരിക്കുന്നത് എന്ത് കൊണ്ട് എന്ന് വ്യക്തമല്ല.

മേൽ അപാകതകൾ കാരണം ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു,

## 3-5 മുൻകൂറായി പണമടച്ചിട്ടും മരുന്നുകൾ മുഴുവനായും ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് അലോപതി മരുന്നുകൾക്കായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള തുക കേരള മെഡിക്കൽ സർവ്വീസ് കോർപറേഷനിൽ അടവാക്കിയിട്ടുണ്ട് എന്നാൽ മുഴുവൻ തുകക്കുള്ള മരുന്നുകൾ ഓഡിറ്റ് തിയ്യതി വരെയും (22/10/2016) ലഭ്യമാക്കിയിട്ടില്ല. ആകെ 377849 രൂപയുടെ മരുന്നുകൾ ലഭിക്കാനായി അവശേഷിക്കുന്നു.മരുന്ന് ലഭ്യമാക്കി വിവരം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപെടുത്തേണ്ടതാണ്.

| പ്രൊജക്ട് നമ്പർ | ബിൽ തുക | ആകെ തുക | സപ്ളെ ചെയ്യാനവശേഷിക്കുന്നത് |
|---|---|---|---|
| 6 പരിരക്ഷ പദ്ധതി | 10/29-3-16 - 44300 | 172000 | 106994 രൂപയുടെ മരുന്നുകൾ ലഭിക്കാൻ |

| | | | |
|---|---|---|---|
| | 11/729-3-16 -72460<br>13/29-3-16 -55240 | | അവശേഷിക്കുന്നു. |
| 8 PHCയിലേക്ക് മരുന്ന് വാങ്ങൽ | 8/21-3-16 -350000 | 350000 | 270855 രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. |

## 3-6 വെള്ളക്കരം - അപാകതകൾ

ഗ്രാമപഞ്ചായത്ത് കേരളവാട്ടർ അതോറിറ്റിയുടെ 25 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 10938 രൂപ പ്രതി മാസം അടവാക്കി വരുന്നു(25x5250/പ്രതിവർഷം)

വെള്ളക്കരം അടവാക്കിയത് സംബന്ധിച്ച് താഴെ ചേർത്തിരിക്കുന്ന പരാമർശങ്ങൾ ചേർക്കുന്നു.

1. പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് കേരളവാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തിയിട്ടില്ല
2. പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പരിശോധന നടത്താതെ വാട്ടർ അതോറിറ്റിയുടെ ഡിമാൻറ് നോട്ടീസ് പ്രകാരമുള്ള ടാപ്പുകളുടെ എണ്ണം അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്ത് വെള്ളക്കരം അടവാക്കുന്നത്.
3. ഗ്രാമപഞ്ചായത്തിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ചോ, പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകൾ സ്ഥാപിച്ച സ്ഥലം സംബന്ധിച്ചോ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാട്ടർചാർജ് അടവാക്കിയതിന്റെ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് പൂർണ്ണമല്ല .കേരളവാട്ടർ അതോറിറ്റി ഓരോ മാസവും മുൻമാസത്തെ ചാർജിൻന്റെ ഡിമാൻറ് നോട്ടീസ് നൽകുന്നുണ്ട്.വാട്ടർചാർജിനത്തിൽ പഞ്ചായത്ത് യഥാസമയം വെള്ളകരം ഒടുക്കുന്നതിനാൽ കുടിശ്ശിക ഇല്ലങ്കിലുംപഞ്ചായത്ത് പരിധിയിലെ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കേരളവാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധനനടത്തുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കേണ്ടതാണ്

   ഈ വിഷയത്തിൽ GO(RT) 2242/2011 ത.സ്വഭവ 28-9-2011, GO(RT) 1501/2006 ത.സ്വഭവ 23-6-2006 എന്നീ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നടപടി പഞ്ചായത്തിൻറ ഭാഗത്ത് നിന്ന് ഉണ്ടാവുകയോ പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾക്ക് ചാർജ് അടവാക്കുന്നതിനുള്ള സാധ്യത ഒഴിവാക്കിയതായോ കാണുന്നില്ല.

   അപാകതക്ക് വ്യക്തമായ മറുപടി ഹാജരാക്കേണ്ടതാണ്.

## 3-7 കുട്ട് മൂച്ചിക്കൽ കോളനി കുടിവെള്ള പദ്ധതി-പ്രവർത്തി പൂർത്തിയായില്ല

എസ്.സി.പി ഫണ്ട് 8.86 ലക്ഷം വകയിരുത്തിയ 194/16പ്രോജക്ട് കൺവീനർ വർക്കായിട്ടാണ് നിർവഹിക്കുന്നത്.പമ്പിങ്ങ് മെയിൻ സ്ഥാപിക്കൽ, വിതരണ ലൈൻ സ്ഥാപിക്കൽ,സ്റ്റീൽ ഫാബ്രിക്കേറ്റഡ് ടാങ്ക് ബേസ്,5000 ലിറ്റർ വാട്ടർ ടാങ്ക്,വൈദ്യുതീകരണം എന്നിവ ഉൾപ്പെടുന്നതാണ് പ്രോജക്ട്.ബിൽ 58/31.03.2016 പ്രകാരം 240222 രൂപ പ്രോജക്ടിനായി പിൻവലിച്ച് കൺവീനർക്ക് നൽകുകയും ചെയ്യുന്നുണ്ട്.

ഓഡിറ്റിന്റെ ഭാഗമായി മുള്ള്യകുർശി ഭാഗത്തെ പദ്ധതി പ്രദേശം പഞ്ചായത്ത് ഓവർസിയറുടെ സാനിദ്ധ്യത്തിൽ സന്ദർശിക്കുകയും പ്രവർത്തിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു.താഴെ രേഖപ്പെടുത്തിയ വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.പമ്പിങ്ങ് മെയിൻ, വിതരണ ലൈൻ എന്നിവയുടെ പ്രവർത്തി നിർവഹിച്ചിട്ടുണ്ട് എന്ന് അവകാശപ്പെടുന്നുണ്ട്.

എന്നാൽ ഇവ ടാങ്കുമായി ബന്ധപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു.പൈപ്പുകൾ ടാങ്ക് പരിസരത്ത് കൂട്ടിയിട്ടിരിക്കുന്ന അവസ്ഥയിലാണുള്ളത്.

2.ഈ പ്രവർത്തിക്കായി മുൻ വർഷ പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങിയ മോട്ടോർ കിണറിന്റെ പരിസരത്തെ ഒരു വീട്ടിൽ രണ്ട് വർഷമായി കിടക്കുന്നുണ്ട്. ഇത് സുരക്ഷിതമല്ലാത്ത സ്ഥലത്ത് തുരുമ്പെടുക്കുന്ന സാഹചര്യത്തിൽ ആണ്.ഇപ്രകാരം പ്രവർത്തി സാങ്കേതികമായി പൂർത്തിയാകാതെ മുൻകൂറായി മോട്ടോർ വാങ്ങിയതും ആയതിന്റെ വാറന്റി നഷ്ടപെടാൻ ഇടയാക്കിയതും എഞ്ചിനീറിങ്ങ് വിഭാഗത്തിന്റെ വീഴ്ച്ചയായി കാണുന്നു.

3.പ്രോജക്ടിന്റെ സ്രോതസ്സ് നിലവിലെ ഒരു കിണറാണ്. ഈ കിണറിൽ വേനൽ കാലത്ത് വെള്ളമില്ല എന്ന് ഗുണഭോക്താക്കൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു. സ്രോതസ്സിന്റെ ജലലഭ്യത സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മറ്റൊരു സ്രോതസ്സ് കണ്ടെത്താതെ,മതിയായ അളവിൽ വെള്ളമില്ലാത്ത കിണർ അടിസ്ഥാനമാക്കി ഇപ്രകാരം പ്രോജക്ട് തയ്യാറാക്കിയത് എന്തിന് എന്ന് വിശദീകരിക്കേണ്ടതാണ്.

4.സ്റ്റീൽ ഫാബ്രിക്കേറ്റഡ് പമ്പ് ഹൗസ് കിണറിന്റെ പരിസരത്ത് കിടക്കുന്നതായി കാണുന്നു. ഇത് മുൻവർഷ പ്രോജക്ടിന്റെ ഭാഗമായി നിർവഹിച്ചതാണ് എന്ന് വ്യക്തമാവുന്നു.മുൻഗണനാ ക്രമം പാലിക്കാതെ ഇപ്രകാരം പ്രവർത്തികൾ ചെയ്യുന്നത് പഞ്ചായത്ത് ഫണ്ട് പാഴ്ച്ചെലവാകുന്നതിന് ഇടയാക്കും എന്ന് വ്യക്തമാണ്.

5.കിണറിന്റെ പരിസരത്ത് തന്നെ R.R ടാങ്ക് ബേസ് നിലവിലുണ്ട്.മുകളിൽ പത്ത് സെന്റീമീറ്റർ കനത്തിൽ കോൺക്രീറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ ഗുണം ലഭിക്കുന്നത് 16 കുടുബങ്ങൾക്കാണ്.ഇത്രയും കുടുബങ്ങൾക്ക് വെള്ളം എത്തിക്കാൻ നിലവിലെ ടാങ്ക് ബേസ് മതിയാവും എന്നിരിക്കെ, പ്രോജക്ടിന്റെ ഭാഗമായി സ്റ്റീൽ ഫാബ്രിക്കേറ്റഡ് ടാങ്ക് ബേസ് സ്ഥാപിച്ചിട്ടുണ്ട്. അളവ് പുസ്തക പ്രകാരം ഇതിനായി 579.3കിലോ ഇരുമ്പ് ഉപയോഗിച്ചതായും രേഖപ്പെടുത്തുന്നുണ്ട്. 5000 ലിറ്റർ വെള്ളം താങ്ങാനുള്ള ശേഷി ഇതിന് ഉണ്ടോ എന്നത് സംശയാസ്പദമാണ്. .മതിയായ തോതിൽ സപ്പോർട്ട് ബാറുകൾ സ്ഥാപിക്കാതെയാണ് ഇത് സ്ഥാപിച്ചിട്ടുള്ളത് എന്ന് കാണുന്നു.പ്രവർത്തി നിർവഹണ ഘട്ടത്തിൽ മേൽനോട്ടത്തിലെ പിഴവ് പ്രകടമാക്കുന്നതാണ് ഈ ടാങ്ക് ബേസ് .

6.ഈ പ്രവർത്തിക്ക് വൈദ്യുതി കണക്ഷന് വേണ്ടി എസ്റ്റിമേറ്റിൽ ലംപ്സം പ്രൊവിഷനായി പതിനായിരം രൂപ വകയിരുത്തിയിട്ടുണ്ട്.എന്നാൽ, വൈദ്യുതീകരണം പൂർത്തിയായിട്ടില്ല എന്ന് കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. പ്രവൃത്തി പൂർത്തീകരണത്തിന്റെ തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-8 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിക്കാത്തത്

2015-16 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 55ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 170 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്. ഒരു അസി.എഞ്ചിനീയർ, രണ്ട് ഓവർസിയർ ഉൾപ്പെടുന്ന എൽ സി ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറീംഗ്, റീടാറീംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത

സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കായില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവുവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. ഗ്രാമ പഞ്ചായത്ത് തൻവർഷം നിർവ്വഹണം നടത്തിയ 41 പ്രോജക്ടുകൾ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് മാത്രമുള്ളതാണ് എന്ന് വ്യക്തമാവുന്നു.മൂന്ന് മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറ്റിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത് എന്ന് കാണുന്നു. സബ് ബേസ് സൂങ്ങ്തനിംഗ് ഉറപ്പ് വരുത്തിയ ശേഷവും 1:2:4 കോൺക്രീറ്റിംഗ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമുള്ള 7.5 മീ. കനത്തിൽ അധികം വ്യാപകമായ തോതിൽ നിർവ്വഹിക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

3.ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല.

പ്രവൃത്തി സംബന്ധിച്ച് പ്രവൃത്തി സ്ഥലത്ത് ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല എന്ന് കാണുന്നു. കോൺട്രാക്റ്ററുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന

മുഴവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

5.ഇ-ടെൻഡർ നടപ്പിലാക്കുന്നില്ല.

2015-16വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഈ-ടെൻഡർ നടപടികളിലൂടെ പരിമിതമായ എണ്ണം മാത്രമെ നടപ്പിലാക്കാനായിട്ടുള്ളൂ എന്ന് കാണുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഈ -ടെൻഡർ മുഖേന നടപ്പിലാക്കുകയെന്ന സർക്കാർ നയം സ.ഉ (സാധ) നമ്പർ 53/2015/ തസ്വഭവ തീയതി 07.01.2015 ലൂടെ വ്യക്തമാക്കിയതാണെങ്കിലും പൂർണ്ണമായും ഗുണഭോക്തൃ കമ്മറ്റികൾ വഴിയാണ് നിർവ്വഹിച്ചതെന്ന് കാണുന്നു. 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ എഴ് എണ്ണം അടങ്കൽ തുക5 ലക്ഷവും അതിന് മുകളിലുള്ളവയുമാണ്.എന്നാൽ ഒരു പ്രവർത്തി മാത്രമാണ് ഇ ടെണ്ടർ മുഖേന നടപ്പാക്കിയത് എന്ന് വ്യക്തമാവുന്നു. ഹൈക്കോടതി വിധിയെ തുടർന്ന് പുറപ്പെടുവിച്ച സ.ഉ (സാധ) നമ്പർ 1288/2015/ തസ്വഭവ തീയതി 30.04.2015 ൽ നിഷ്കർഷിച്ച പ്രകാരം 2015-16 മുതൽ 5 ലക്ഷവും അതിന് മുകളിലുള്ളതുമായ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് നടപ്പിലാൻ നിർദ്ദേശിച്ചതാണ്. ഇതിനെ തുടർന്ന് എൽ എസ് ജി ഡി ചീഫ് എഞ്ചിനീയർ 06.05.2015 ന് പുറപ്പെടുവിച്ച DB3/753/12/CE നമ്പർ സർക്കുലറിലും നിർദ്ദേശം പുറപ്പെടുവിച്ചതാണ് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

6.കുറഞ്ഞ അടങ്കലുള്ള പ്രവർത്തികളുടെ എണ്ണം കൂടുതൽ.

ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം തയ്യാറാക്കിയ 170 പ്രോജക്ടുകളിൽ 63 എണ്ണവും ഒരു ലക്ഷം രൂപയോ അതിൽ കുറവോ അടങ്കലുള്ളവയാണ്. റോഡ് പ്രവർത്തികളിൽ മുപ്പത് മീറ്റർ മുതൽ നാൽപത് മീറ്റർ വരെയാണ് ഈ അടങ്കൽ ഉപയോഗിച്ച് നിർവഹിക്കാനാവുന്നത് എന്നത് ശ്രദ്ധേയമാണ്.ഈ സംവിധാനം ഗ്രമ പഞ്ചായത്തിനെ ഒറ്റ യൂനിറ്റായി പരിഗണിച്ച് വേണം പദ്ധതി തയ്യാറാക്കാൻ എന്ന നിർദേശം മാനിക്കാതെയാണ്.ഇപ്രകാരം ഭാഗികമായി പ്രവർത്തി നടത്തുന്നത് , പ്രോജക്ട് ഭാഗികമായി മാത്രം ലക്ഷ്യം കാണാൻ മാത്രമേ ഉപകരിക്കൂ എന്ന് ഓർമിപ്പിക്കുന്നു.

7.ധാരാളം പ്രവർത്തികൾ നിർവഹിക്കാനാവുന്നില്ല.

പ്രോജക്ടുകളുടെ എണ്ണം കൂടുതലായത് ,മിക്ക പ്രോജക്ടുകളും ഫലപ്രദമായ രീതിയിൽ നിർവഹിക്കാനാവുന്നില്ല എന്ന് വ്യക്തമാക്കുന്നു.നടപടിക്രമങ്ങൾ പൂർത്തികരിച്ച് പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടും ,തൽവർഷം ഇരുപത്തിയൊന്ന് പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കാണുന്നു.ഇപ്രകാരം ഉപേക്ഷിച്ച പ്രോജക്ടുകൾ തുടർന്നുള്ള വർഷങ്ങളിൽ സ്പിൽ ഓവറായി നിർവഹിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

മാത്രമല്ല, 3.23 കോടി രൂപ അടങ്കലുള്ള പ്രവർത്തികളാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹിക്കുന്നത്.

8.പർച്ചേസുകൾക്ക് ടാക്സ് ഇൻവോയ്സ് വാങ്ങുന്നില്ല.

കൺവീനർ പ്രവർത്തികളുടെ ഭാഗമായി വാങ്ങുന്ന സിമന്റ്, കമ്പി,പൈപ്പ്, മോട്ടോർ എന്നിവയുടെ ടാക്സ് ഇൻവോയ്സ് വാങ്ങുന്നില്ല എന്ന് കാണുന്നു. യഥാർത്ഥ ബിൽ ഇല്ലാതെ ഇപ്രകാരം ഉപകരണങ്ങൾ വാങ്ങുന്നത് വ്യാപകമാണ്.കുടിവെള്ള പദ്ധതികളുടെ മോട്ടോർ പൂർണമായും വാങ്ങുന്നത് വണ്ടൂർ ഹാർഡ് വെയർ ആന്റ് സാനിറ്ററി വെയേർസ് ,വണ്ടൂർ എന്ന സ്ഥാപനത്തിൽ നിന്നാണ്.എന്നാൽ വാങ്ങിയ മോട്ടോറിന്റെ വാറന്റി വിവരങ്ങൾ പരിശോധിക്കാൻ ഉതകുന്ന യാതൊരു രേഖയും ഫയലിൽ ഉള്ളടക്കം ചെയ്യുന്നില്ല എന്ന് കാണുന്നു.ഇപ്രകാരമുള്ള നടപടികൾ വാങ്ങുന്ന ഉപകരണങ്ങളുടെ പ്രവർത്തന ക്ഷമതയെയും, വാറന്റി സാരമായി ബാധിക്കുന്നതാണ്.

9.ഭാഗികമായി പ്രവർത്തികൾ ചെയ്യുന്നു.

കുടിവെള്ള പദ്ധതികളുടെ നിർവഹണം ആസൂത്രണത്തിലെയും നിർവഹണത്തിലെയും പാളിച്ചകൾ കൊണ്ട് മുടങ്ങികിടക്കുന്ന അവസ്ഥയിലാണ്.ഓഡിറ്റിന്റെ ഭാഗമായി മൂന്ന് കുടിവെള്ള പ്രോജക്ടുകളുടെ നിർമാണ പ്രവർത്തി സന്ദർശിച്ചു. ഇവയുടെ നിർമാണ രീതി ആശങ്കാജനകമാണ്.സർക്കാർ ഫണ്ട് വ്യക്തമായ ആസൂത്രണമോ, മുൻഗണനാ ക്രമമോ പാലിക്കാതെയാണ് വിനിയോഗിക്കപ്പെടുന്നത് എന്ന് കാണുന്നു. കേവലം മുപ്പത് ശതമാനം മാത്രം പൂർത്തീകരിച്ച പ്രവർത്തികളിൽ മോട്ടോർ നേരത്തേ തന്നേ വാങ്ങി സൂക്ഷിക്കുന്നതായി

കാണുന്നു.പൂച്ചക്കാട് കോളനി കുടിവെള്ള പദ്ധതി, കാട്ടുമൂച്ചിക്കൽ കോളനി കുടിവെള്ള പദ്ധതി എന്നിവ ആസൂത്രണം ചെയ്യുതിലും, നിർവഹിച്ചതിലും പിഴവുകൾ വന്നിട്ടുണ്ട്.വ്യക്തമായ ദിശാ ബോധമില്ലാതെയാണ് എഞ്ചിനീയറിങ്ങ് വിങ്ങ് പ്രവർത്തികളുടെ മേൽനോട്ടം നിർവഹിക്കുന്നത് .

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല.

### 4-4 .(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല.

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 610565 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 610565 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 610565 |

2015-16വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| തച്ചിങ്ങനാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിൽ സ്ഥിര നിക്ഷേപം | 610565 | ലഭ്യമല്ല |
| ആകെ | 610565 | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 6996/- രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ വിശദാംശം ഉൾപ്പെടുന്ന രജിസ്റ്റർ, ഫയൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 06-07/ 2(4) | 2010-11 | - | സമിതിയുടെ പരിഗണനയിൽ |
| 07-08/ അനുബന്ധം 9 | 2011-12 | മരാമത്ത് അവലോകനം | |

## 4-8. ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രി കളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക്ഓഡിറ്റിന് സമർപ്പിച്ചതിൻെറ വിവരം | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാർട്ടേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 01 | PHC Keezhattur | 2007-08 /5.5.07 | 2010-11— 2014-15 | --- | --- | 2015-16 | --- | --- |
| 02 | GAD Keezhattur | 2011-12 28.04.2011 | 2011-12— 2014-15 | 22.05.2015 | --- | 2015-16 | --- | --- |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40746553 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55296824 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1908071 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഇല്ല.

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഇല്ല.

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1366449 | ശ്രീമതി. രാധാമണി, ICDS സൂപ്പർവൈസർ |
| 3-2 | 52175 | ഡോ.സിന്ദു, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-3 | 200000 | അനിൽ കുമാർ എൻ, അസി.എൻജിനിയർ |
| 3-4 | 289447 | അനിൽ കുമാർ എൻ, അസി.എൻജിനിയർ |
| ആകെ | 1908071 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം.

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ബാധകമല്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ-ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFM14/352/02 Dtd 14-2-2-11 | 07 |
| 1997-98 | LFM110/777/2004 Dtd14-2-2011 | 36 |
| 19998-99 | LFM16/630/2006 Dtd14-2-2011 | 33 |
| 1999-2000 | LFM16/631/2006 Dtd14-2-2011 | 31 |
| 2000-2001 | LFM16/6327/2006 Dtd14-2-2011 | 39 |
| 2001-2002 | LFM16/907/2006 Dtd14-2-2011 | 14 |
| 2002-2003 | LFM16/1236/2007 Dtd14-2-2011 | 29 |
| 2003-2004 | LFM16/1885/2007 Dtd14-2-2011 | 41 |
| 2004-2005 | LFM16/1896/2008 Dtd14-2-2011 | 18 |
| 2005-2006 | LFM16/1134/2009 Dtd113-01-2011 | 10 |
| 2006-2007 | LFM11/1135/2009 Dtd13-01-2011 | 24 |
| 2007-2008 | LFM16/63/2012 Dtd2-7-2012 | 13 |

| | | |
|---|---|---|
| 2008-2009 | LFM11/1091/2013 Dtd13-1-2014 | 19 |
| 2009-10 &2010-11 | LFM11/883 /2014Dtd13-6-2014 | 21 |
| 2011-12 & 2012-13 | KSA/MPM11 /1423/2015Dtd 25-8-2015 | 16 |
| 2013-14 & 2014-15 | KSA/MPM11 /1930/2016Dtd 03-8-2016 | 15 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# 5-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-എം.പി.എം.11/3206/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ- 676 505 ഫോൺ: 0483 2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയതി 19.11.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം

ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൻറ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കീഴാറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.